# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 54

09/06/2014ൽ മറുപടി നൽകേണ്ടിയിരുന്നത്

## പി.എസ്.സി.റാങ്ക് ലിസ്റ്റുകളുടെ കാലാവധി

| ചോദ്യം : | ഉത്തരം : |
| --- | --- |
| ശ്രീ. എ.കെ.ബാലൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) 98088 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) ഈ സർക്കാർ എത്ര പേർക്ക് പി.എസ്.സി. വഴി നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പി.എസ്.സി. വഴി 95877 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (സി) പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നിലവിൽ എത്ര വർഷമാണ്; പരീക്ഷ കഴിഞ്ഞ എത്ര തസ്തികകളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാനുണ്ട്; | (സി) റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് കുറഞ്ഞത് ഒരു വർഷവും ഇതിനിടയിൽ പുതിയ ലിസ്റ്റ് പ്രസിദ്ധീകരിച്ചില്ലെങ്കിൽ മൂന്നു വർഷവും ചില പ്രത്യേക സാഹചര്യങ്ങളിൽ പരമാവധി കാലാവധി നാലര വർഷവുമാണ്. പരീക്ഷ കഴിഞ്ഞ 948 തസ്തികകളുടെ റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കാൻ ഉണ്ട്. |
| (ഡി) ഈ സർക്കാർ എത്ര പ്രാവശ്യം ഏതൊക്കെ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) ഈ സർക്കാർ എട്ട് പ്രാവശ്യം പ്രസ്തുത കാലയളവിൽ നിലവിലുണ്ടായിരുന്ന നാലര വർഷം പൂർത്തിയാകാത്ത എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി ദീർഘിപ്പിക്കാൻ പി.എസ്.സി.യോട് ശിപാർശ ചെയ്തിട്ടുണ്ട്. |
| (ഇ) കാലാവധി ദീർഘിപ്പിച്ചു നൽകിയ റാങ്ക് ലിസ്റ്റുകളിൽ ആകെ എത്ര ഉദ്യോഗാർത്ഥികളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ; | (ഇ) 451373 ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്. |
| (എഫ്) കാലാവധി ദീർഘിപ്പിച്ച് നൽകിയ റാങ്ക് ലിസ്റ്റുകളിൽ നിന്ന് എത്ര പേർക്ക് ഇതുവരെ നിയമനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | (എഫ്) പ്രസ്തുത വിവരം പി.എസ്.സി. ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ